"സ്ത്രീകൾക്ക് ഇസ്ലാമിക വേഷം തങ്ങളുടെ ശരീരം മുഴുവൻ മറക്കാനുള്ളതാണെന്ന് ഈ ഹദീസിൽ നിന്നും മനസ്സിലാക്കാം. പൂർണ്ണമായിട്ടും കയ്യും മുഖവും മറച്ചാലേ സ്ത്രീ തിരിച്ചറിയപ്പെടാതിരിക്കൂ. ഇതായിരുന്നു സ്വഹാബികൾ മനസ്സിലാക്കിയിരുന്നതും പ്രവർത്തിച്ചതും. അവരായിരുന്നു ഏറ്റവും നല്ല കൂട്ടർ, കുലീനമായ സ്വഭാവവും പൂർണ്ണമായ ഈമാനും ഉള്ളവർ. അതുകൊണ്ട് തന്നെ അവർ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും ഉത്തമരായി. അപ്പോൾ സ്വഹാബി വനിതകൾ പൂർണ്ണമായും മുഖം മറച്ച സ്ഥിതിക്ക് നമുക്ക് പിന്നെ എങ്ങനെ അവരുടെ പാതയിൽ നിന്നും വ്യതിചലിക്കാൻ കഴിയും ?"

**–ശൈഖ് ഇബ്നു ഉഥൈമീൻ** رحمه الله (ഹിജാബ് പേജ് 12,13)

'തെളിവുകളുടെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ മുഖം മറക്കപ്പെടേണ്ട ഔറത്ത് തന്നെയാണെന്നാണ് യഥാർത്ഥ അഭിപ്രായം. മുഖമാണ് സ്ത്രീയുടെ ശരീരത്തിലെ ഏറ്റവും ആകർഷണീയമായ ഭാഗം. കാരണം ആളുകൾ കൂടുതൽ ശ്രദ്ധിക്കുന്നത് ഒരാളുടെ മുഖമാണ്. അത് കൊണ്ട് തന്നെ മുഖമാകുന്നു ഒരു സ്ത്രീയുടെ മഹത്തായ ഔറത്ത്. ശരീഅയുടെ തെളിവുകൾക്ക് പുറമെ മുഖം മറക്കൽ നിർബന്ധമാണെന്ന് ഇത് തെളിയിക്കുന്നു."

**–ശൈഖ് ഡോ:സ്വാലിഹ് ഇബ്നു ഫൗസാൻ** حفظه الله

(ഫതാവാ അൽ മർ'അത്തുൽ മുസ്‌ലിമാ: 1/396, 397)

ഉത്തമ തലമുറയുടെ അഭിപ്രായത്തിൽ ഹിജാബിനെക്കുറിച്ചുള്ള ആയത്ത് ഇറങ്ങിയതിന് ശേഷം മുസ്‌ലിം സ്ത്രീകൾ കൈയ്യും മുഖവും അടങ്ങുന്ന മുഴുവൻ ശരീരവും മറക്കണം എന്നതാണ്. അവർക്ക് ഒരു കണ്ണോ, രണ്ട് കണ്ണോ വഴി കാണുവാൻ വേണ്ടി വെളിവാക്കാവുന്നതാണ്. ഇതായിരുന്നു പ്രമുഖ സഹാബിമാരുടെ അഭിപ്രായം.

**സ്ത്രീകൾക്ക് മുഖം വെളിവാക്കാം എന്ന് പറയുന്നവരുടെ തെളിവിന്റെ അവസ്ഥ**

"അസ്മ رضي الله عنها നബി ﷺ യുടെ അടുക്കൽ നേരിയ വസ്ത്രം അണിഞ്ഞ് വന്നു.നബി ﷺ അവരോട് പറഞ്ഞു : ഓ അസ്മാ, തീർച്ചയായും ഒരു സ്ത്രീ അവളുടെ ആർത്തവ പ്രായമെത്തിയാൽ അവളുടെ ഇതും ഇതും അല്ലാതെ കാണാൻ പാടില്ല. എന്നിട്ട് നബി ﷺ മുഖവും മുൻകൈയും ചൂണ്ടിക്കാണിച്ചു." (അബൂദാവൂദ്: 4104)

**ഇതിന്റെ ദൗർബല്യം വ്യക്തമായതാണ്. ഇത് ളഈഫായ ഹദീഥാണ്.**

ഖാലിദ് ബ്നു ദുറൈക് അസ്മ رضي الله عنها യെ കാണുകയോ അവരിൽ നിന്ന് കേൾക്കുകയോ ചെയ്തിട്ടില്ല. സഈദ് ബ്നു ബഷീറും (തെളിവെടുക്കാൻ മാത്രം) ശക്തമായവരിൽ പെട്ടവനല്ല. (ഇരുവരും ഈ ഹദീഥിന്റെ സനദിൽ ഉൾപ്പെട്ടവരാണ്). ഹാഫിള് ഇബ്നു ഹജർ തന്റെ തഖ്‌രീബ് എന്ന ഗ്രന്ഥത്തിൽ സഈദ് ബ്നു ബഷീറിനെക്കുറിച്ച് പറഞ്ഞു :
അയാൾ ദുർബലനാകുന്നു. ഇതിൽ ഖത്താദയുടെ തദ്‌ലീസും ഉണ്ട്. ഇത് അൻ'അനത്തോടെയാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിന്റെ മത്നിലും നിഷേധാത്മകമായ കാര്യങ്ങളുണ്ട്. കാരണം അസ്മ رضي الله عنها ആദ്യം ഇസ്‌ലാം സ്വീകരിച്ചവരിൽപ്പെട്ടവരാണ്. അവരുടെ മകൻ അബ്ദുല്ലാഹി ബ്നു സുബൈർ رضي الله عنه ആണ് ഹിജ്റക്ക് ശേഷം മദീനയിലെ ആദ്യം ജനിച്ച കുഞ്ഞ്."അവർ ഹിജ്റക്ക് 24 വർഷം മുമ്പേ ജനിച്ചു." അങ്ങനെയിരിക്കെ നബി ﷺ യുടെ അടുക്കൽ അദ്ദേഹം വിലക്കിയ രൂപത്തിൽ വരിക എന്നത് വളരെ വിദൂരമായ കാര്യങ്ങളിൽപ്പെട്ടതാണ്.

**–ശൈഖ് അബ്ദിൽ മുഹ്സിൻ ബിൻ ഹമാദ് അബ്ബാദ് അൽ ബദ്ർ** حفظه الله

(വുജൂബു തഖ്തിയത്തിൽ മർ'അ വ തഹരീമി ഇഖ്ത്തിലാത്തിഹാ ബി ഖൈരി മഹാരിമിഹാ)

ഹിജാബാണ് സർവ്വ പുരോഗതിയുടെയും തടസ്സമെന്നാണ് ആധുനിക പുരോഗമന വാദികളുടെ ജൽപനം. ആധുനിക സംസ്കാരത്തിനും രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയക്കും രാഷ്ട്രത്തിന്റെ പുരോഗതിക്കും തടസ്സമായി കാണുന്നത് സ്ത്രീകളുടെ ഹിജാബ് രീതിയാണ്.
എങ്കിൽ നമുക്ക് അവരോട് ചോദിക്കാനുള്ളത്; ആധുനിക പുരോഗതിയും സാങ്കേതിക വിദ്യയും ഹിജാബുമായി എന്തു ബന്ധമാണുള്ളത് എന്നാണ്?
ആധുനിക പുരോഗതിയും നാഗരികതയും സാക്ഷാൽകരിക്കണമെങ്കിൽ പുരുഷന്റെ മുമ്പിൽ വിവസ്ത്രയായ സ്ത്രീകൾ അഴിഞ്ഞാടേണ്ടതുണ്ടോ ?
ആധുനിക പുരോഗതിയും സംസ്കാരവും സാക്ഷാൽകരിക്കണമെങ്കിൽ പുരുഷന്റെ ഇംഗിതത്തിന് അനുസരിച്ച് സ്ത്രീകൾ അവരോടൊപ്പം മൃഗീയജീവിതം നയിക്കണമെന്നാണോ നിങ്ങൾ പറയുന്നത്. ?
ആധുനിക പുരോഗതിയും സംസ്കാരവും സാക്ഷാൽകരിക്കണമെങ്കിൽ സ്ത്രീകൾ ലജ്ജയും, ചൈതന്യവും ഇല്ലാത്തവളാകണമെന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത് ?

അതിനാൽ മുസ്ലിം സഹോദരിമാരേ,
അവർ സംസ്കാരത്തേയോ, പുരോഗതിയേയോ,
നാഗരികതയേയോ, മുന്നേറ്റത്തേയോ അല്ല ഉദ്ദേശിക്കുന്നത്.
അവർ ഉദ്ദേശിക്കുന്നത് തങ്ങളോടൊപ്പം സ്ത്രീകൾ ഇഴുകിച്ചേർന്ന് കഴിയണമെന്നാണ്.
തങ്ങളുടെ വികാരശമനത്തിനുള്ള സാഹചര്യം സാർവ്വത്രീകമാകണമെന്നാണ്.
സ്ത്രീകളുമായി കളിച്ചുല്ലസ്സിക്കണമെന്നാണ്.
അവളെ നിസ്സാരമായ കച്ചവട വസ്തു ആക്കണമെന്നാണ്.
അങ്ങനെ ലജ്ജയും പവിത്രതയുമില്ലാത്ത കേവലം ഒരു സ്ത്രീ.!
തങ്ങളുടെ ഉദ്ദേശത്തിനും കാഴ്ചപ്പാടിനും അനുസരിച്ചുള്ള ഒരു പാശ്ചാത്യ വനിത !
പാട്ടിന് അനുസരിച്ച് നൃത്തം ചെയ്യുന്നവളും അഭിനയ രംഗത്തും മ്യൂസിക്കിലും വൈവിധ്യ കഴിവുകളുള്ള, സർവ്വ സ്വതന്ത്രയായ പെണ്ണ്. ! കടമകളും കടപ്പാടുകളുമില്ല.
അവൾക്ക് ബന്ധങ്ങളും ധർമ്മങ്ങളുമില്ല. ഇതാണ് ഇവരുടെ ഭാവന.
യഥാർത്ഥത്തിൽ ഇത് തികഞ്ഞ അസംബന്ധമാണ്. വാസ്തവവുമായി അതിന് ബന്ധമില്ല.
അതിനുള്ള തെളിവുകൾ നാം കണ്ടുകൊണ്ടിരിക്കുന്നു.
സ്ത്രീകൾ ഓരോരുത്തരും അവർ ഉദ്ദേശിക്കുന്ന രൂപത്തിൽ വസ്ത്രം ധരിച്ച്, യഥേഷ്ഠം വിഹരിക്കുന്ന നാടുകളിൽ വൈകാരികമായ ശൈഥില്ല്യത്തിനു വല്ല കുറവുമുണ്ടോ?.
അവർക്കിടയിലുള്ള പെരുമാറ്റം ആദരവിന്റേതാണോ ?
അല്ലയോ മുസ്ലിം സഹോദരിമാരെ,
നിങ്ങളുടെ മാന്യതക്കും പവിത്രതക്കും ഈ ഹിജാബ് അനിവാര്യമാണ്.
വൃത്തി കെട്ടവരുടെ കണ്ണുകളിൽ നിന്ന് അത് നിങ്ങൾക്ക് സുരക്ഷയുമാണ്. ഹിജാബ് ഒഴിവാക്കിയതിനാൽ കൈപ്പുനീർ കുടിക്കുന്ന ധാരാളം സ്ത്രീകൾ ഇക്കാര്യം അംഗീകരിക്കുന്നു.

മുസ്ലിം സഹോദരിമാരുടെ ഹിജാബ് ആധുനിക കാലഘട്ടത്തോട് യോജിക്കുന്നതല്ലെന്നാണോ നിങ്ങളുടെ ജൽപനം ? അതല്ല, മുസ്ലിം സ്ത്രീകൾ മുഖം മറക്കുന്ന രീതി ഒട്ടോമൻ പരിഷ്കാരത്തിന്റെ ഭാഗമെന്നാണോ നിങ്ങൾ പറയുന്നത് ?.സ്ത്രീകളും പുരുഷൻമാരോടപ്പം സർവ്വ രംഗങ്ങളിലും അഴിഞ്ഞാടട്ടെ എന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്.?

അല്ലയോ മുസ്ലിം സഹോദരിമാരെ,
നിങ്ങളുടെ വസ്ത്രധാരണ രീതിയിൽ സന്തോഷിക്കുക. ഭാവി ഇസ്ലാമിന്റേതാണ് എന്ന് മനസ്സിലാക്കുക. ഭക്തൻമാർക്കാണ് ഏറ്റവും നല്ല പര്യവസാനമെന്ന് അറിയുക.
വിശുദ്ധ ഖുർആനിലെ ധാരാളം വചനങ്ങളും പ്രവാചകൻ ﷺ യുടെ ഹദീസുകളും ധാരളമിതാ നിങ്ങളുടെ മുമ്പിൽ. അവയൊന്ന് വായിച്ചു നോക്കുക. മനസ്സിരുത്തി പഠിക്കുക. പൗരാണികരും ആധുനികരുമായ മുസ്ലിം പണ്ഡിതൻമാർ ഹിജാബണിയലും മുഖം മറക്കലും നിർബന്ധമാണ് എന്നതിന് നൽകിയ വിശദീകരണമൊന്ന് ഉൾകൊള്ളുക. ഇത്രയും കാലം അറിവില്ലായ്മ കൊണ്ടായിരുന്നു നിങ്ങൾ ഇങ്ങനെ പറഞ്ഞിരുന്നതെങ്കിൽ നിങ്ങളുടെ മുമ്പിലുള്ള സുവ്യക്തമായ തെളിവുകൾ സ്വീകരിച്ച് സത്യത്തിലേക്ക് തിരിച്ചുവരിക. നിരർത്ഥതയിൽ നിരതരാവാതെ സത്യത്തിലേക്കുള്ള നിങ്ങളുടെ മടക്കം ഞങ്ങൾ പ്രതീക്ഷിക്കുന്നു.
അത് നിങ്ങളുടെ ശ്രേഷ്ഠത വർദ്ധിപ്പിക്കും.
എന്നാൽ തിൻമകളിൽ ശഠിച്ചു നിൽക്കുന്നത് നിന്ദ്യതയുമാണ്.

**"അവയെ പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അക്രമവും അഹങ്കാരവും മൂലം അവർ അതിനെ നിഷേധിച്ചു കളഞ്ഞു."** (27:14)

അതല്ല, അല്ലാഹു വിശേഷിപ്പിച്ച അഹങ്കാരികളുടെ കൂട്ടത്തിൽ നിങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും സ്വയം ആലോചിക്കുക. എന്നാൽ നിങ്ങളൊരിക്കലും സത്യത്തിന് കീഴ്പ്പെടുകയില്ല, നേരായ മാർഗ്ഗത്തിലേക്ക് തിരിച്ച് വരികയുമില്ല. നിങ്ങളുടെ മുമ്പിൽ നൂറ് കണക്കിന് തെളിവുകൾ ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും കാണിച്ചുതന്നാലും അത് സ്വീകരിക്കുകയുമില്ല.
**കാരണം ഇസ്ലാം നിങ്ങളുടെ ജീവിതത്തിന്റെ മാർഗ്ഗമായി നിങ്ങൾ വിശ്വസിക്കുന്നില്ല.**
**വിശുദ്ധ ഖുർആൻ സാർവ്വ കാലികവും സാർവ്വജനീയവുമാണെന്നും നിങ്ങൾ അംഗീകരിക്കുന്നില്ല.**

**"ജാഹിലിയ്യത്തിന്റെ (അനിസ്ലാമിക മാർഗ്ഗത്തിന്റെ) വിധിയാണോ അവർ തേടുന്നത്. ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവേക്കാൾ നല്ല വിധി കർത്താവ് ആരാണുള്ളത് ."**(5:50)

# ഹിജാബ്

## മുസ്‌ലിം സഹോദരിമാർക്ക്...

WWW.KITHABUTHOUHEED.COM

“പരമകാരുണ്ണികനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.”

**ഹിജാബ്…**

കേൾക്കുമ്പോൾ പലർക്കും അലർജ്ജി തോന്നുന്ന പദം.
പരിഷ്കാരത്തിന്റെയും പുരോഗതിയുടേയും ഈ നാളിലും, പൗരാണികതയിലേക്കാണോ ഇവർ സ്ത്രീകളെ നയിക്കുന്നത് എന്ന് ചിലർക്കെങ്കിലും തോന്നും.
ഹിജാബ് അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങളിൽ ഏറ്റവും സുപ്രധാനമായതും മഹത്തായതുമായ ഒരു ആരാധനയാണ്. കാരണം അല്ലാഹു തന്റെ ഗ്രന്ഥത്തിൽ അത് പാലിക്കണമെന്ന് കൽപ്പിക്കുകയും അതിനെതിരിൽ പ്രവർത്തിക്കരുതെന്ന് വിലക്കുകയും ചെയ്തിരിക്കുന്നു. ഒരാൾ പോലും വിട്ട് നിൽക്കാത്തവിധം ആധുനികരും പൗരാണികരുമായ പണ്ഡിതൻമാർ ഈ കാര്യത്തിൽ ഏകോപിച്ചിരിക്കുന്നു. സത്യത്തിൽ തെളിവുകളുടെ ആവശ്യമില്ലാത്തത്ര വ്യക്തമായ ഒരു ആരാധനയാണ് ഹിജാബ്. അതിനാൽ തന്നെ ഈ വിഷയത്തിൽ പുതിയ ഒരു വ്യാഖ്യാനത്തിന് പഴുതുകളില്ല. സ്ത്രീകളുടെ ശിരോവസ്ത്രത്തെയും അവരുടെ പർദ്ദാ രീതിയെയും രൂക്ഷമായി വിമർശിക്കൽ പതിവാക്കിയ ചിലരുണ്ട്.
നാം ജീവിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ ആധുനിക കാലഘട്ടത്തിൽ ശാസ്ത്രീയ സാങ്കേതിക രംഗങ്ങളിൽ കുതിച്ചുചാട്ടം നടത്തുകയും, ബുദ്ധിപരമായ മുന്നേറ്റം ഉണ്ടാവുകയും ചെയ്യുമ്പോൾ പ്രസ്തുത വസ്ത്രധാരണം പുരോഗതിക്ക് വിഘാതമാണെന്നും പിന്നോട്ട് നയിക്കലാണെന്നും അവർ ജൽപ്പിച്ചു കൊണ്ടിരിക്കുന്നു.
ഇസ്‌ലാമിനേക്കാൾ പാശ്ചാത്യരെ അനുകരിക്കുന്ന ഇവർ ഹിജാബ് ഇസ്ലാമിന്റെ തുടക്കത്തിൽ മാത്രമായിരുന്നു എന്നു പറഞ്ഞു പൂർണ്ണമായി നിഷേധിക്കുന്നു.
മറ്റൊരു വിഭാഗം സ്ത്രീകൾ മുഖം മറക്കുന്നതിന് വിശുദ്ധ ഖുർആനിലോ സുന്നത്തിലോ തെളിവുകൾ ഇല്ലെന്നും മതത്തിൽ തീവ്രത പുലർത്തുന്ന ചിലരുടെ സൃഷ്ടിയാണെന്നും വാദിക്കുന്നു. മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായത്തിൽ ആധുനിക പുരോഗതിയിൽ പുരുഷൻമാരോടൊപ്പം പങ്കാളിത്വം വഹിക്കുന്നതിൽ നിന്ന് സ്ത്രീകളുടെ കഴിവിനെയും സ്വാതന്ത്ര്യത്തെയും തടസ്സപ്പെടുത്തുന്ന തടവറയാണെന്നാണ്.
ഇവരെല്ലാം ബോധപൂർവ്വമാണെങ്കിലും അല്ലെങ്കിലും അജ്ഞതയിൽ ഒരുമിക്കുകയും വഴികേടിലേക്ക് ജനങ്ങളെ ക്ഷണിക്കുകയുമാണ് ചെയ്യുന്നത്.
അല്ലാഹു പറഞ്ഞിരിക്കുന്നു.
**“അവരുടെ നിർമ്മലമായ വാക്കുകളിൽ നിന്ന് നിങ്ങൾക്കവരെ തിരിച്ചറിയാം. നിങ്ങളുടെ പ്രവർത്തനങ്ങളെ അല്ലാഹു അറിയുന്നു”** (പരിശുദ്ധ ഖുർആൻ 47:30)

അവരുടെ ഗൂഢമായ തന്ത്രം മുസ്ലിം സ്ത്രീകളെയും മുസ്ലിം സമൂഹത്തെ മുഴുവനായും നശിപ്പിക്കുവാനുള്ളതാണ്. എന്നിരുന്നാലും നമ്മുടെ പല സഹോദരിമാരെയും അത് സ്വാധീനിച്ചിരിക്കുന്നു എന്നത് ഏറ്റവുമധികം ദു:ഖകരമാണ്. മുസ്ലിം സമൂഹത്തെ തകർത്തുകളയുന്ന അവരുടെ ആശയം വശ്യമായ ശൈലിയിലൂടെ അവതരിപ്പിച്ച് ധാരാളം ആളുകളെ അവർ വഞ്ചനയിൽ പെടുത്തിയിരിക്കുന്നു. മുസ്ലിം സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടിയും അവരുടെ സംരക്ഷണത്തിനു വേണ്ടിയുമാണ് അവർ നില കൊള്ളുന്നതെന്നാണ് അവരുടെ ജൽപനം. യഥാർത്ഥത്തിൽ സ്ത്രീകളുടെ സമ്പൂർണ്ണ സംരക്ഷണം ഇസ്ലാമിലൂടെയാണെന്ന സത്യം അവർക്ക് അജ്ഞാതമാണ്. കുട്ടിക്കാലം മുതൽ വാർദ്ധക്യം വരെയും, പുത്രി, ഭാര്യ, മാതാവ്, തുടങ്ങിയ ജീവിതത്തിന്റെ സർവ്വ രംഗങ്ങളിലുമുള്ള അവരുടെ പദവിയെ ഉയർത്തുകയും അംഗീകരിക്കുകയും ചെയ്ത മതമാണ് ഇസ്ലാം. ഇവർക്കുള്ള ഖണ്ഡനങ്ങളും സംശയങ്ങൾക്കുള്ള മറുപടിയും അവരുടെ സുന്ദരമായ വാചകങ്ങളിൽ മറഞ്ഞ് കിടക്കുന്ന യാഥാർത്ഥ്യമെന്തെന്നും ഇവിടെ വിശദീകരിക്കാം. അവരുടെ ദുഷിച്ച വാദങ്ങളിൽ നിന്ന് മടങ്ങാൻ ഇതൊരു പ്രേരണയാകട്ടെ.

**“നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്.”** (33:53)

**ഇതാണ് ഹിജാബിന്റെ ആയത്ത്**

ഹിജാബെന്നാൽ അന്യ പുരുഷൻമാരിൽ നിന്നും മറഞ്ഞു നിൽക്കലാണ്, അവരുമായി കൂടിക്കലരാതിരിക്കലാണ്, അവരോട് ചിരിച്ചും കൊഞ്ചിക്കുഴഞ്ഞും മൃദുവായും സംസാരിക്കാതിരിക്കലാണ്, കണ്ണൊഴികെ, ശരീരം മുഴുവൻ മറക്കുന്ന അയഞ്ഞ വസ്ത്രം ധരിക്കലാണ്. ഇവയെല്ലാം കൂടിച്ചേരുമ്പോഴേ അത് ശരിയായ ഹിജാബാകൂ.
അല്ലാതെ ചില മുസ്‌ലിം സംഘടനകൾ ജൽപിക്കും പോലെ ഒരുതുണി കൊണ്ട് തലമുടി മറക്കൽ മാത്രമല്ല. ഇത് പാലിക്കാൻ ഖിയാമത്ത്നാൾ വരെയുള്ള മുസ്‌ലിം സ്ത്രീകൾ ബാധ്യസ്ഥരാണ്.

**ഹിജാബിന് ഖുർആനിൽ നിന്നുള്ള തെളിവുകൾ**

**‘നബിയേ, സത്യവിശ്വാസികളായ സ്ത്രീകളോട് പറയുക. അവർ അവരുടെ ദൃഷ്ടികൾ താഴ്ത്തുകയും ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും അവരുടെ ഭംഗി അതിൽ നിന്ന് പ്രത്യക്ഷമാവുന്നതല്ലാതെ വെളിപ്പെടുത്താതിരിക്കുകയും ചെയ്യട്ടെ. അവർ തങ്ങളുടെ ജിൽബാബുകൾ തങ്ങളുടെ മാറിടങ്ങളിൽ കൂടി ആക്കുകയും ചെയ്യട്ടെ. ……….തങ്ങൾ മറച്ചു വെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ തങ്ങളുടെ കാലിട്ടടിക്കുകയും ചെയ്യരുത്….”**

(24:31)

**വിവാഹ ജീവിതം പ്രതീക്ഷിക്കാത്ത കിഴവികളെ സംബന്ധിച്ചടത്തോളം സൗന്ദര്യം പ്രദർശിപ്പിക്കാത്തവരായിക്കൊണ്ട് തങ്ങളുടെ മേൽവസ്ത്രങ്ങൾ മാറ്റി വെക്കുന്നതിൽ അവർക്ക് കുറ്റമില്ല. അവർ മാന്യത കാത്തുസൂക്ഷിക്കുന്നതാണ് അവർക്ക് കൂടുതൽ നല്ലത്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.”** (24:60)

**”നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ ജിൽബാബുകൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.** (33:59)

**“നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിയിരിക്കുകയും ചെയ്യുക ആദ്യത്തെ ജാഹിലിയത്തിന്റെ സൗന്ദര്യപ്രദർശനം പോലെ നിങ്ങൾ സൗന്ദര്യം പ്രദർശിപ്പിക്കുകയും ചെയ്യരുത്**. (33:33)

**“നിങ്ങൾ അവരോട് വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്.”** (33:53)

**ഹിജാബ് അഹ്ലുസ്സുന്ന മനസ്സിലാക്കിയത്**

സഫിയ ബിൻത്ത് ശൈബ ؓ നിവേദനം:
ആയിശ ؓ പറഞ്ഞു: “..അവരുടെ ജിൽബാബുകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ…” ഈ ആയത്തിറങ്ങിയപ്പോൾ സ്ത്രീകൾ അവരുടെ വസ്ത്രം രണ്ടായി മുറിച്ച് **ഒരു കഷ്ണം കൊണ്ട് മുഖം മറച്ചു.”** (ബുഖാരി 6:60:282)

“…സഫ്‌വാൻ അൽ മുഅ്ത്തൽ എന്ന സ്വഹാബിയായിരുന്നു സൈന്യത്തിന്റെ എറ്റവും പിന്നിൽ നടന്നിരുന്നത്. ഒരാൾ ഉറങ്ങുന്നത് അദ്ധേഹം കണ്ടു. അടുത്തെത്തിയപ്പോൾ അദ്ധേഹത്തിനു ആളെ മനസ്സിലായി കാരണം **ഹിജാബിന്റെ ആയത്തിനു മുമ്പ് അദ്ധേഹം എന്നെ കണ്ടിരുന്നു.** ”ഇന്നാലില്ലാല്ലഹി വ ഇാന്നാ ഇലൈഹി റാജിഊൻ”എന്ന് അദ്ധേഹം ഉറക്കെ ചൊല്ലിയത് കേട്ട് ഞാൻ ഉണർന്നു. അദ്ധേഹത്തെ കണ്ടപ്പോൾ **ഞാൻ ജിൽബാബ് കൊണ്ട് മുഖം മറച്ചു.”**

– **ആയിശ** ؓ(ബുഖാരി:5:59: 462)

“റസൂൽﷺഫജ്ർ നമസ്കരിക്കുമ്പോൾ സ്ത്രീകൾ **മൂടുപടങ്ങൾ** ധരിച്ച് റസൂലിന്റെﷺ പിറകിൽ പങ്കെടുക്കുമായിരുന്നു. പിന്നീട് **ആരും തിരിച്ചറിയാതെ** അവർ അവരുടെ വീടുകളിലേക്ക് മടങ്ങുമായിരുന്നു.”

– **ആയിശ**ؓ (ബുഖാരി: 1:8:368)

‘അത്യാവശ്യ കാര്യങ്ങൾക്കായി തങ്ങളുടെ വീടുകളിൽ നിന്ന് പുറത്ത് പോകുന്ന എല്ലാ മുസ്‌ലിം സ്ത്രീകൾക്കും **മുഖം മറക്കുക** എന്നത് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു.”

– **ഇബ്നു അബ്ബാസ്**ؓ

(തഫ്സീർ ഇബ്ൻ ജരീർ വാള്ള്യം - 22:പേജ്: 29)

“**ജിൽബാബ്** എന്ന വാക്കിനർത്ഥം ഒരു മേൽക്കുപ്പായം എന്നാണ്, അത് **തല, മുഖം, കൈ തുടങ്ങി മുഴുവൻ ശരീരത്തെയും മൂടുന്നതാണ്”**

– **അബ്ദുല്ലാഹ് ഇബ്ൻ മസ്ഊദ്**ؓ

(ഇബ്നു തൈമിയ്യ: ഫതാവ പേജ്:110, വാള്ള്യം: 2, ശൈഖ് ഉഥൈമീൻ, ഹിജാബ് പേജ്: 15)

“**ജിൽബാബ്** ഒരു സ്ത്രീയുടെ മുഴുവൻ ശരീരവും മറക്കണം. ആകയാൽ **രണ്ട് കണ്ണൊഴികെ ബാക്കി മറ്റെല്ലാം മറക്കപ്പെടണം,** അതുകൊണ്ട് അവൾക്ക് കാണാൻ കഴിയണം.”

– **അബൂ ഉബൈദ സൽമാനി**ؓ

(തഫ്സീർ അൽ കുർത്തുബി സൂറഃ അഹ്സാബ് ആയത്ത് 59 തഫ്സീർ)

**സ്വഹാബി വനിതകൾ ഇഹ്റാമിൽ ആയിരിക്കുമ്പോൾ വരെ മുഖം മറച്ചിരുന്നു.!**

ഫാത്തിമ ബിൻത്ത് അൽ മുൻദിർ ؓപറഞ്ഞു: “ഞങ്ങൾ ഹഫ്സ ബിൻത്ത് ഉമറിന്റെ കൂടെ **ഇഹ്റാമിൽ ആയിരിക്കുമ്പോൾ ഹിജാബ് ഉപയോഗിച്ച് മുഖം മറച്ചിരുന്നു.”**

(അൽ മുവത്വ:20.5.16)

‘സൂറ:നൂർ ആയത്ത് 31 ഇറങ്ങിയപ്പോൾ കൈയ്യും മുഖവും സ്ത്രീകൾക്ക് കാണിക്കൽ അനുവദനീയമായിരുന്നു. പക്ഷെ സൂറ അഹ്സാബ് ആയത്ത് 59 അവതരിപ്പിച്ചതിന് ശേഷം മുസ്‌ലിം സ്ത്രീകളോട് മുഖവും തലയും കണ്ണുകൾ ഒഴികെ മറക്കാൻ കൽപ്പിക്കപ്പെട്ടു. ഇതു തന്നെയായിരുന്നു ഇബ്ൻ മസ്ഊദിന്റെയുംؓഅഭിപ്രായം.”

– **അലി ബിൻ അബൂ തൽഹ** ؒ

(ഇബ്നു തൈമിയ്യ തന്റെ ഫതാവയിൽ, ശൈഖ് ഇബ്ൻ ബാസ് :ഹിജാബ് വ സഫുർ: 60)

“ഞങ്ങൾ ഹഫ്സ ബിൻത്ത് സീരീനിന്റെ അടുത്ത് പ്രവേശിച്ചാൽ **അവർ ജിൽബാബ് ധരിക്കുകയും മുഖം മറക്കുകയും ചെയ്തിട്ടുണ്ടാകും.** അപ്പോൾ ഞങ്ങൾ അവരോട് പറയും “നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകട്ടെ.” അല്ലാഹു പറയുന്നു:
“വിവാഹ ജീവിതം പ്രതീക്ഷിക്കാത്ത കിഴവികളെ സംബന്ധിച്ചിടത്തോളം സൗന്ദര്യം പ്രദർശിപ്പിക്കാത്തവരായിക്കൊണ്ട് തങ്ങളുടെ മേൽവസ്ത്രങ്ങൾ മാറ്റി വെക്കുന്നതിൽ അവർക്ക് കുറ്റമില്ല…” (പരിശുദ്ധ ഖുർആൻ: 24:60) അപ്പോൾ അവർ പറയും ‘എന്താണ് ശേഷം വരുന്നത് ? അപ്പോൾ ഞങ്ങൾ പറയും: “അവർ മാന്യത കാത്തുസൂക്ഷിക്കുന്നതാണ് അവർക്ക് കൂടുതൽ നല്ലത്. ” അപ്പോൾ അവർ പറയും: “അത് ഹിജാബിന്റെ ആശയം സ്ഥിരീകരിക്കുന്നു.”

(ബൈഹഖി :7:93)

തുണി, തലയുടെ മുകൾ വശത്ത് നിന്ന് ആരംഭിക്കുക. അത് നെറ്റിയെ മറച്ചതിന് ശേഷം തുണി യുടെ ഒരു ഭാഗം കൊണ്ട് കണ്ണിനു താഴെയുള്ള മുഖത്തിന്റെ ഭാഗം മറക്കുക.
അപ്പോൾ മുഖത്തിന്റെ അധിക ഭാഗവും ശരീരത്തിന്റെ മുകൾ ഭാഗവും മറക്കപ്പെടുന്നതാണ്. ഇങ്ങനെ ചെയ്യുമ്പോൾ രണ്ട് കണ്ണുകൾ വെളിപ്പെടും”

– **ഇമാം ഇബ്ൻ ജരീർ അത്തബരി** ؒ

(റുഹൽ - മആനി വാള്ളം: 22, പേജ്: 89)

“ജിൽബാബ് ഒരു സ്ത്രീയുടെ ശരീരത്തെ മൊത്തം പൊതിയണം,
**അവൾക്ക് കാണാനുള്ള ഒരു കണ്ണൊഴികെ.”** – **ഇമാം ഖുർതുബി**ؒ

(തഫ്സീർ അൽ ഖുർതുബി സൂറ:അൽ അഹ്സാബ് ആയത്ത്: 59)

“ജലാബിബ് എന്നത് ജിൽബാബിന്റെ ബഹുവചനമാണ്. ജിൽബാബ് എന്നത് ബാഹ്യമായ ഒരു തുണിയാണ്. അത് ഒരു സ്ത്രീ തന്റെ വസ്ത്രത്തിന് മുകളിൽ തലമുതൽ കാൽ വരെ മറക്കുവാൻ വേണ്ടി ഉപയോഗിക്കുന്നു. അത്‌വഴി അവളുടെ മുഴുവൻ ശരീരവും മറക്കപ്പെടുന്നു.”

– **ഇമാം ഇബ്ൻ അൽ മുൻദിർ** ؒ

(ലിസാനുൽ അറബ്, വാള്ള്യം: 1, പേജ്: 273)

സ്ത്രീകൾക്ക് മഹ്റമല്ലാത്തവരുടെ മുമ്പിൽ **മുഖം മറക്കൽ നിർബന്ധമാണ്.”**

– **ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്**ؒ

(സൗദി അറേബ്യയുടെ മുൻ ഗ്രാന്റ് മുഫ്തി:ഹിജാബ് വ സഫുർ)

ആയിശؓ നിവേദനം:
“റസൂൽﷺഫജ്ർ നമസ്കരിക്കുമ്പോൾ സ്ത്രീകൾ **മൂടുപടങ്ങൾ** ധരിച്ച് റസൂലിന്റെﷺ പിറകിൽ പങ്കെടുക്കുമായിരുന്നു. പിന്നീട് **ആരും തിരിച്ചറിയാതെ** അവർ അവരുടെ വീടുകളിലേക്ക് മടങ്ങുമായിരുന്നു.”

(ബുഖാരി. 1.8.368)